

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/11/2024

1. നാടൻ പച്ചക്കറി ഇനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ നടത്തുന്ന പദ്ധതിയിലേക്കായി തനതു പച്ചക്കറി ഇനങ്ങളുടെ വിവരശേഖരണം നടത്തുന്നു. ഇത്തരം ഇനങ്ങൾ കൈവശമുള്ള കർഷകർ 7994207268 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

2. ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കാർഷിക വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുക എന്നതാണ് ജൈവകാർഷിക മിഷൻ ലക്ഷ്യമിടുന്നത്. കർഷകർക്ക് അവർക്ക് അനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

3. കേരസുരക്ഷ നവംബർ 15 വരെ നാളികേരള വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ 15 വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

4. ക്ഷീരകാർഷിക മേഖലയിൽ യുവജനതയെ ആകർഷിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയും മൃഗസംരക്ഷണം സാധ്യമാക്കുന്നതിനുമായി

ഡിസംബർ 20 മുതൽ 29 വരെ വയനാട് പൂക്കോട് കേരള വെറ്ററിനറി സർവകലാശാലയിൽ ആഗോള ലൈവ് സ്റ്റോക്ക് കോൺക്ലേവ് നടത്തും.മൂല്യവർധിത ഉല്പന്നങ്ങളെക്കുറിച്ചും വളർത്തുമൃഗങ്ങൾ, പൗൾട്രി, ഡയറി അക്വാഫാമിങ് എന്നീ വിഭാഗങ്ങളിലെ ഏറ്റവും പുതിയ അറിവുകൾ, മാറിവരുന്ന സാങ്കേതിക വിദ്യകൾ എന്നിവ യെക്കുറിച്ച് മനസിലാക്കാനുള്ള വേദിയാകും കോൺക്ലേവ്. വളർത്തുമൃഗങ്ങൾ കന്നുകാലികൾ, ഡയറി ഫാമിങ്, അക്വാഫാമിങ്, പൗൾട്രി എന്നിവയുടെ സ്റ്റാളുകളും വിവിധ എക്സ്പോകളും ഇതോടനുബന്ധിച്ച് ഉണ്ടാകും. വിശദ വിവരങ്ങൾക്ക്: 9895088388, 944 6052800 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ 'സിവിൽ എഞ്ചിനീയർ' തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

## പരിശീലന പരിപാടി

6. ദക്ഷിണ മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വെള്ളായണി കാർഷിക കോളേജിലെ പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വച്ച് 'തൈ ഉല്പാദനവും പരിചരണവും - ശീതകാല പച്ചക്കറികളിൽ' എന്ന വിഷയത്തിൽ 13 നവംബർ 2024 ബുധനാഴ്ച രാവിലെ 9.30 മുതൽ 4 മണി വരെ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ശീതകാല പച്ചക്കറികളായ കാബേജ് വർഗ്ഗവിളകൾ, ക്യാരറ്റ്, ബീറ്റ്റൂട്ട് മുതലായ വേരു വർഗ്ഗവിളകൾ എന്നിവയുടെ കൃഷിയും പരിപാലനവും എന്നീ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിഷയങ്ങളിൽ തിയറി ക്ലാസ്സുകളും, തൈ ഉല്പാദനത്തെക്കുറിച്ച് പ്രായോഗിക പരിശീലനവും കാബേജ്, കോളിഫ്ലവർ കൃഷി തോട്ട സന്ദർശനവും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പരിശീലന ഫീസ്: 1000 രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 8848295634 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കോട്ടയം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റബർ ട്രെയിനിൽ വച്ച് നവംബർ 18 മുതൽ 22 വരെ ലാറ്റക്സ് കളക്ഷൻ, പരിപാലനം, കോമ്പൗണ്ടിംഗ്, ഡിസൈൻ, ഗ്ലൗസ് ഫോം, റബർ ബലൂൺ ഉൽപാദനം ലാറ്റക്സ് ഉൽപ്പന്നങ്ങളുടെ ടെസ്റ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ ഒരു ഹ്രസ്വകാലപരിശീലനം സംഘടിപ്പിക്കുന്നു പരിശീലന ഫീസ് ജി എസ് ടി ഉൾപ്പെടെ 4425 റബർ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സംരംഭകർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം